**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **11-10-2024 - ൽ മറുപടിയ്ക്ക്**

**സമഗ്ര കായിക വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് നെതർലാൻഡ്സ്, ക്യൂബ എന്നീ രാജ്യങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. ഇറ്റാലിയൻ ഫുട്ബോൾ ക്ലബ്ബായ എസി മിലാൻ ജി വി രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിൽ, അർജന്റീന ഫുട്ബോൾ അസോസിയേഷൻ, ലാ ലിഗ എന്നീ വിദേശ കായിക ഏജൻസികളുമായും സഹകരിക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്.<br><br>നെതർലാൻഡ്സിലെ സ്പോർട്സ് ഓർഗനൈസേഷനുകളായ ബോറ്റ്ലാൻഡർ ഫൗണ്ടേഷൻ, കെ എൻ വി ബി എന്നിവരുമായി സഹകരിച്ച് 2022 ഓഗസ്റ്റിൽ ഫുട്ബോളിനും ഹോക്കിക്കുമായി 8 ദിവസത്തെ പരിശീലന പരിപാടി നടത്തി. പ്രസ്തുത സ്പോർട്സ് ഓർഗനൈസേഷനുകളിലെ 8 പരിശീലകരുടെ നേതൃത്വത്തിൽ നടന്ന പരിശീലന പരിപാടിയിൽ സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 40 പരിശീലകർ പങ്കെടുത്തു.<br><br>ജൂഡോ, ബോക്സിംഗ്, റെസ്ലിംഗ്, അത്‌ലറ്റിക്സ് തുടങ്ങിയ വിവിധ കായിക ഇനങ്ങളിൽ ക്യൂബയുമായി സഹകരിക്കാൻ കായിക വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ക്യൂബയുമായി സഹകരിക്കുന്നതിനുള്ള ആദ്യപടിയെന്ന നിലയിൽ, 2023 നവംബറിൽ ഒരു അന്താരാഷ്ട്ര ചെസ്സ് ടൂർണമെന്റ് നടത്തി. അതിൽ ക്യൂബയിലെയും ഇന്ത്യയിലെയും ഗ്രാൻഡ്മാസ്റ്റർമാർ പങ്കെടുക്കുകയും മത്സരത്തിന് അന്താരാഷ്ട്ര ദൃശ്യപരത നൽകുകയും ചെയ്തു. അടുത്ത ഘട്ടമെന്ന നിലയിൽ, |

| | | | |
|---|---|---|---|
| | | | രണ്ട് രാജ്യങ്ങളിൽ നിന്നുള്ള മേൽ സൂചിപ്പിച്ച കായിക ഇനങ്ങളിലെ കളിക്കാരും പരിശീലകരും തമ്മിലുള്ള എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, സൗഹൃദ മത്സരങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനുള്ള വിശദമായ പ്രൊപോസൽ തയ്യാറാക്കിവരികയാണ്. ലോകോത്തര പരിശീലനത്തിലേക്കും അന്തർദേശീയ എക്സ്പോഷർ നേടുന്നതിനും ഇത് വിദ്യാർത്ഥികൾക്ക് വളരെയധികം പ്രയോജനമാകും. ഒരു വർഷത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന പദ്ധതികളിലൂടെ ക്യൂബയുമായി സുസ്ഥിരമായ സഹകരണം വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം.<br><br>സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിൽ (CSD), അർജന്റീന ഫുട്ബോൾ അസോസിയേഷൻ, ലാ ലിഗ എന്നിവരുമായി ഫുട്ബോൾ അക്കാദമികൾ സ്ഥാപിക്കൽ, ലീഗുകളുടെ സംഘാടനം, കളിക്കാരുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ഹൈ പെർഫോമൻസ് സെന്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനം, അന്താരാഷ്ട്ര മത്സരങ്ങളുടെ സംഘാടനം തുടങ്ങിയ വിഷയങ്ങളിൽ സഹകരണം ലഭ്യമാക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്. ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിന്റെ രാജ്യാന്തര സൗഹൃദ മത്സരം സംഘടിപ്പിക്കുന്നതിന് അർജന്റീന ഫുട്ബോൾ അസോസിയേഷനുമായുള്ള ചർച്ചകളും പുരോഗമിക്കുകയാണ്. ലാലിഗ അക്കാദമി, എ.എഫ്.എ. ഫുട്ബോൾ സ്കൂളുകൾ എന്നിവ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട ഏജൻസികൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |
| (ബി) | കായിക മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഇതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | അന്താരാഷ്ട്ര കായിക രംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ച രാജ്യങ്ങളാണ് നെതർലാൻഡ്സ്, ക്യൂബ, സ്പെയിൻ, അർജന്റീന എന്നിവ. ലോകത്തിലെ ഏറ്റവും മികച്ച ബോക്സർമാരിൽ ചിലർ ക്യൂബയിൽ നിന്നുള്ളവരാണ്. ബോക്സിംഗിൽ നിരവധി ഒളിമ്പിക് മെഡലുകൾ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഹോക്കി, ഫുട്ബോൾ എന്നിവയിലെ ലോകത്തെ പ്രമുഖ ശക്തിയാണ് നെതർലാൻഡ്സ്. നിലവിലെ ഫുട്ബോൾ ലോക ചാമ്പ്യൻമാരായ അർജന്റീന എക്കാലത്തെയും മികച്ച ഫുട്ബോൾ താരങ്ങൾക്ക് ജന്മം നൽകിയ രാജ്യമാണ്. കഴിഞ്ഞ നാലുവർഷത്തിൽ വിവിധ വിഭാഗങ്ങളിലായി പത്തോളം യൂറോപ്പ്യൻ, ലോക ഫുട്ബോൾ കിരീടങ്ങൾ സ്വന്തമാക്കിയ രാജ്യമാണ് സ്പെയിൻ. കൂടാതെ ലോകത്തെ ഏറ്റവും മികച്ച ഫുട്ബോൾ ലീഗുകളിലൊന്ന് സ്പാനിഷ് ലീഗായ ലാലിഗയാണ്. |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിൽ ഈ രാജ്യങ്ങളുടെ പരിശീലന സംവിധാനങ്ങളുടെ സംഭാവന വിലയേറിയതാണ്. എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ട്രെയിനിംഗ് ക്യാമ്പുകൾ എന്നിവ ഇവിടുത്തെ വിദ്യാർത്ഥികളെ അന്താരാഷ്ട്ര പരിശീലന രീതികളെക്കുറിച്ച് ഉൾക്കാഴ്ച നേടാൻ സഹായിക്കുകയും, സാമൂഹിക വിനിമയങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. ഒരു അന്താരാഷ്ട്ര അത്‌ലറ്റിനെ വാർത്തെടുക്കാൻ സ്വീകരിക്കുന്ന ശാരീരികവും സാങ്കേതികവും മാനസികവുമായ തന്ത്രങ്ങൾ മനസിലാക്കാനും, ഉയർന്ന ലക്ഷ്യം നേടാൻ ഇവിടുത്തെ വിദ്യാർത്ഥികളെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. വിദേശ അടിസ്ഥാന സൗകര്യ വികസന മാതൃകകൾ, പ്രത്യേകിച്ചും ഹൈ പെർഫോമൻസ് സെന്ററുകൾ, അക്കാദമികൾ എന്നിവ മികവുറ്റ താരങ്ങളെ സൃഷ്ടിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തെ സാഹചര്യങ്ങൾക്കിണങ്ങും വിധം ഹൈ പെർഫോമൻസ് സെന്ററുകൾ, അക്കാദമികൾ എന്നിവ വിദേശ സഹകരണത്തോടെ ആരംഭിക്കുന്നത് തദ്ദേശ കായിക വികസനത്തിന് ആക്കം കൂട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിദേശ സർക്കാരുകൾ നടപ്പിലാക്കുന്ന തരത്തിലുള്ള നൈപുണ്യ വികസന പരിപാടികളുമായി സഹകരിക്കുന്നതോടെ കായിക മേഖലയിലെ മാനവ വിഭവ ശേഷിയുടെ കാര്യക്ഷമമായ വളർച്ചയും ലക്ഷ്യമാക്കുന്നുണ്ട്. |
| (സി) | ലോകത്തെ പ്രമുഖ ക്ലബായ എ.സി. മിലാനുമായി സഹകരിച്ച് സംസ്ഥാനത്ത് ഫുട്ബോൾ അക്കാദമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | തിരുവനന്തപുരം ജിവി രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ അക്കാദമിയുടെ നടത്തിപ്പ് പ്രമുഖ ഇറ്റാലിയൻ ക്ലബായ എ.സി. മിലാൻ ഫുട്ബോൾ ക്ലബിന്റെ ഔദ്യോഗിക പങ്കാളിയായ കാലിക്കറ്റ് സ്പോർട്സ് സിറ്റി LLP യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളിലെ ഫുട്ബോൾ പരിശീലനം എസി മിലാൻ അക്കാദമിയുടെ പരിശീലന പദ്ധതി ഉപയോഗിച്ച് നടപ്പിലാക്കുന്നതിനാണ് ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. |
| (ഡി) | പരിശീലന രംഗത്തും കായിക അക്കാദമി രംഗത്തും സഹകരിച്ച് പ്രവർത്തിക്കുന്നതിന് സ്പാനിഷ് സ്പോർട്സ് കൗൺസിലുമായി ധാരണയുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ലോക കായിക രംഗത്ത് എറ്റവും പ്രമുഖമായ സ്ഥാനം വഹിക്കുന്ന ഒരു രാജ്യം എന്ന നിലയിലേയ്ക്കുള്ള സ്പെയിനിന്റെ വളർച്ചയിൽ നിർണ്ണായകമായ സ്ഥാനമുള്ള സ്ഥാപനമാണ് സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിൽ (Consejo Superior de Deportes). കളിക്കാരുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ഹൈ പെർഫോമൻസ് സെന്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനം |

| | | | |
|---|---|---|---|
| | | | എന്നീ മേഖലകളിൽ സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിലുമായി സഹകരിക്കുന്നതിനാണ് തത്വത്തിൽ ധാരണയായിട്ടുള്ളത്. എലൈറ്റ് അക്കാദമികൾ സ്ഥാപിക്കുന്നതിനും കളിക്കാരുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾ ഒരുക്കുന്നതിനും ധാരണയായിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന അടിസ്ഥാന സൗകര്യങ്ങളെ കോർത്തിണക്കി ഹൈ പെർഫോമൻസ് സർക്യൂട്ട് സ്ഥാപിക്കുന്നതിന് ഇവരുടെ സാങ്കേതിക സഹായം ലഭ്യമാക്കുന്നതാണ്. കായിക രംഗത്ത് പ്രവർത്തിക്കുന്ന കളിക്കാർ, പരിശീലകർ, മാനേജ്മെന്റ് വിദ്യാർത്ഥികൾ എന്നിവർക്ക് നൈപുണ്യ വികസനത്തിനും ഇവരുമായി സഹകരിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിന് ലക്ഷ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ